സമരം

ടി.വി.കെ

# മരക്കലത്തിന്റെ ഇതിഹാസം; കുഞ്ഞാലിമരക്കാരുടെയും

**അറിയാനുള്ളത്** (പറയാനുള്ളതും) കുഞ്ഞാലിമരക്കാരുടെ കഥ, കാലഘട്ടം. കേരള ചരിത്രത്തിൽ കുഞ്ഞാലി മരക്കാർ ഒന്നിലധികമുണ്ടെന്ന് കേട്ടുകേൾവി. മരക്കാർ വംശപരമ്പരയിൽ കുഞ്ഞാലിമാർ നാലു പേർ, സാമൂതിരി രാജാധിപത്യത്തിനു കീഴിൽ കേരളത്തിൽ പോർച്ചുഗീസ് (പാശ്ചാത്യ)അധിനിവേശശ്രമം കൊടുമ്പിരിക്കൊണ്ട 16-ാം നൂറ്റാണ്ട് ആദ്യന്തം സാമൂദ്രിയുടെ നാവികസേനാ നായ കസ്ഥാനം (അഡ്മിറൽ) പാരമ്പര്യമായി വഹിച്ചവരായിരുന്നു. അത് ചരിത്രം. ഇവരിൽ ഏറ്റവും പ്രസിദ്ധൻ പാത്തെ കുഞ്ഞാലി മരക്കാർ എന്നറിയപ്പെടുന്ന കുഞ്ഞാലി നാലാമൻ, ഒടുവിലത്തെ മരക്കാർ ആയിരുന്നു.

രാജാവ് കൈയൊഴിച്ചപ്പോഴും രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കാൻ വിദേശ അധിനിവേശശക്തികൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ അധിനായകത്വം ഒറ്റക്ക് ഏറ്റെടുത്ത വീരനായകൻ; സ്വന്തം സമുദായത്തെ ആബാലവൃദ്ധം ഒന്നടങ്കം പോരിന്നിറക്കിയ കർമധീരൻ. ഒന്നും രണ്ടും ദിവസങ്ങളോ മാസങ്ങളോ അല്ല നാലഞ്ചു വർഷങ്ങൾ തുടർച്ചയായി പൊരുതി നിൽക്കുകയും ഉപരോധിക്കപ്പെട്ട പോർക്കളത്തിൽ (കോട്ട) പോർച്ചുഗീസ് പട ചതിയിൽ പിടിച്ച്, അവരുടെ താവളത്തിലേക്ക് (ഗോവ) കടത്തി ആളുകളെ വിളിച്ചുകൂട്ടി കഴുവേറ്റി കൊല്ലുകയും ചെയ്ത മറ്റൊരു ഇതിഹാസനായകൻ ലോകത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ അത്യപൂർവം.

വിദേശ അധിനിവേശശ്രമത്തിന് തടയിടാനും പരാജയപ്പെടുത്താനുമുള്ളതാണ് സ്വാതന്ത്ര്യസമരമെങ്കിൽ ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യസമരം കുഞ്ഞാലിമരക്കാർ നാലാമനും പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളുമായി താദാത്മ്യപ്പെട്ടുകിടക്കുന്നു. ആത്മാഹുതിയുടെ അസാധാരണമായ, സാഹചര്യവും പോരാട്ടത്തിന്റെ കാലദൈർഘ്യവും ബഹുജനാടിസ്ഥാനത്തിന്റെ വ്യാപ്തിയും മതി, സ്വാതന്ത്ര്യസമരചരിത്രത്തിൽ പാത്തെ മരക്കാരെ അവിസ്മരണീയനാക്കാൻ; ആരാധ്യപുരുഷനായി എക്കാലവും വാഴ്ത്തപ്പെടാൻ.

എങ്കിൽ പിന്നെ ലഭ്യമായ ചരിത്രപഠനങ്ങളിലും പുസ്തകങ്ങളിലും ലേഖനങ്ങളിലും എന്തുകൊണ്ട് കുഞ്ഞാലിമരക്കാരെ പറ്റി യാദൃച്ഛികമായെങ്കിലും ഒരു പരാമർശം പോലും കാണാനില്ല എന്ന ചോദ്യമുണ്ട്. ചരിത്രനായകന്മാരെ തിരിച്ചറിയണമെങ്കിൽ അവർ നടന്നു മറഞ്ഞ കാലഘട്ടത്തെ ആദ്യം കണ്ടറിയണം. 1857-ലെ 'ശിപായി ലഹള'യാണ് ഇന്ത്യയുടെ 'ആദ്യത്തെ സ്വാതന്ത്ര്യയുദ്ധം' എന്നു വരുമ്പോൾ അതിനും 267 വർഷം നേരത്തേ തുടങ്ങിയതാണ് ഇന്ത്യ കണ്ട ആദ്യത്തെ പാശ്ചാത്യ (പോർച്ചുഗീസ്) അധിനിവേശശ്രമവും അതിനെതിരായ പോരാട്ടവുമെന്ന് മറുത്തുപറയുന്നതെങ്ങനെ? ചരിത്രാതീതകാലം തൊട്ട് നമ്മൾ ശരാശരി ഭാരതീയർ തലയിലേറ്റി നടക്കുന്ന ചരിത്രാവബോധം എന്നും തലതിരിഞ്ഞതായിരുന്നല്ലോ. ബ്രിട്ടീഷ് ആധിപത്യശ്രമത്തിനെതിരായ അതേ ബ്രിട്ടീഷ് അധികാരത്തിന്റെ കാവൽക്കാരായ നാടൻ(ചോറ്റു)പട്ടാളത്തിന്റെ കലാപമാണ് ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യസമരമെന്ന തെറ്റുധാരണ ഇതിലൊന്നാണ്. തിരുത്തിക്കുറിക്കേണ്ടതും സ്വാതന്ത്ര്യലബ്ധിയുടെ അമ്പതാം ആണ്ടുപിറന്നാൾ ആവശ്യപ്പെടുന്നതും അതുതന്നെ.

കേരളത്തിൽ (ഇന്ത്യയിലും) പോർച്ചുഗീസ് അധിനിവേശശ്രമം, അതായത് വെട്ടിപ്പിടുത്ത സാന്നിധ്യം, 165 വർഷങ്ങളിൽ ഒതുക്കാം- 1498 മുതൽ 1663 വരെ. തുടക്കം തൊട്ടേ നാട്ടുകാരുടെ എതിർപ്പും തുടങ്ങി. ചെറുതും വലുതുമായ നാട്ടരചന്മാരും പ്രഭുക്കളുമായി ഇണങ്ങിയും ഇടഞ്ഞും ഒന്നര നൂറ്റാണ്ടിലേറെക്കാലം പോർച്ചുഗീസുകാർ പിടിച്ചുനിൽക്കാൻ നോക്കി; നടന്നില്ല. പോർച്ചുഗീസുകാരുടെ ചുവടുപിടിച്ച് അധിനിവേശദാഹവുമായി ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച് കച്ചവടക്കാർ വരുന്നു. കുരുമുളകിനും കൈത്തറി തുണിത്തരങ്ങൾക്കും വേണ്ടിയുള്ള അവർക്കിടയിലെ കിടമത്സരത്തിന്റെയും നാട് വെട്ടിപ്പിടിക്കാനുള്ള അതിക്രമങ്ങളുടെയും കാലഘട്ടം 1663-1766. ശിപായി ലഹള നടക്കുന്ന 1857 കാലത്തും ഇന്ത്യയെ പൂർണമായി വെട്ടിപ്പിടിക്കാൻ ബ്രിട്ടീഷ് അധിനിവേശകർക്ക് കഴിഞ്ഞിരു

ന്നില്ലെന്നതാണ് ശ്രദ്ധേയമായ കാര്യം. മുഗൾ ആധിപത്യം ശിഥില മായിത്തീർന്നിരുന്നെങ്കിലും കൊടി താണിരുന്നില്ല. അതുകൊണ്ടായിരു ന്നല്ലോ (ശിപായി) ലഹളയുടെ നായ കത്വം അവസാനത്തെ മുഗൾചക്ര വർത്തി ബഹദൂർ ശാഹ് സഫർ ഏറ്റെടുക്കാനിടയായതും.

പാശ്ചാത്യ അധിനിവേശശ്രമ ങ്ങൾക്കെതിരായ ഇന്ത്യയുടെ പോരാ ട്ടത്തിൽ ഒരു വഴിത്തിരിവായിരുന്നു 1857-ലെ ശിപായി ലഹളയെന്നു വരു ന്നതും കടന്ന കൈയായിരിക്കും. കാ രണം, ലഹളക്കും ഒരു നൂറു വർഷം നേരത്തേ ഫ്രഞ്ച്-ബ്രിട്ടീഷ് അധിനി വേശശക്തികളെ ഒറ്റക്കും കൂട്ടായും നേരിട്ട പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. മൈസൂരിലെയും ബംഗാളിലെയും ഡക്കാനിലെയും മുസ്‌ലിം ഭരണാധി കാരികളുടെയും പട്ടാളക്കാരുടെയും ഒറ്റക്കും കൂട്ടായുമുള്ള പൊട്ടിത്തെറി കൾ, ടിപ്പുസുൽത്താന്റെ നേതൃത്വ ത്തിൽ നടന്ന പ്രത്യാക്രമണങ്ങൾ, പ്രത്യേകിച്ചും എടുത്തു പറയണം. ടിപ്പുവിന്റെ പതനത്തോടെ (1792) ഇന്ത്യയിൽ ബ്രിട്ടീഷാധിപത്യം ഔപ ചാരികമായി അരങ്ങേറി എന്നു പറ യാം. അധിനിവേശശ്രമം അരക്കിട്ടു റപ്പിക്കാൻ ബ്രിട്ടീഷ് അധികാരികൾ 130 വർഷമെടുത്തു എന്നർഥം. ബ്രിട്ടീ ഷ്കാലഘട്ടം *മലബാർ മാന്വൽ* കർത്താവ് രേഖപ്പെടുത്തിയിരിക്കു ന്നത് 1663-1792 എന്നാണ്.

അതിലും അരനൂറ്റാണ്ട് അധികം നീണ്ടതത്രെ പോർച്ചുഗീസ് കാലഘട്ടം. ഫ്രഞ്ചുകാർ ബ്രിട്ടീഷ് കാലഘട്ടത്തോട് ഒപ്പംനിൽക്കും. ഏറ്റവും കുറഞ്ഞ ദൂരം ഓടിയത് ഡച്ചുകാർ- കഷ്ടിച്ച് 20 വർഷം. വെട്ടിപ്പിടുത്ത ഓട്ടത്തിൽ വിജയം കണ്ടെത്തിയത് ഇംഗ്ലീഷുകാരുടെ ഈസ്റ്റ് ഇന്ത്യാ കമ്പനിയാണെന്നത് ചരിത്രത്തിന്റെ ശാപം. 500 വർഷം നീണ്ടുനിന്ന പാശ്ചാത്യ അധിനിവേ ശശ്രമത്തിന്നെതിരായ പോരാട്ടം ബ്രിട്ടന്റെ കണക്കിൽ പിടിച്ചതും ബ്രിട്ടൻ. രാഷ്ട്രം വിദേശ അടിമത്ത ത്തിൽനിന്ന് വിമോചനം നേടി അര നൂറ്റാണ്ട് പിന്നിട്ട ഇക്കാലത്തും നമ്മൾ ഭാരതീയർ അതേറ്റുപാടുന്നു.

1857-ലെ നാടൻ പട്ടാളക്കാരുടെ അസംഘടിതമായ കലാപത്തെ അപേക്ഷിച്ച്, അതിലും ഒരു നൂറു വർഷം നേരത്തേ ബ്രിട്ടൻ ഉൾപ്പെടെ യുള്ള പാശ്ചാത്യ അധിനിവേശ ശ ക്തികൾക്കെതിരെ ടിപ്പു സുൽത്താനും ദക്ഷിണേന്ത്യയിലെ മറ്റു പ്രബല മുസ്‌ലിം ഭരണാധികാ രികളും നടത്തിയ സൈനികപോ രാട്ടം എന്തുകൊണ്ടും കൂടുതൽ ശക്തവും സംഘടിതവും വ്യാപകവു മായിരുന്നുവെന്ന് ഏതു ചരിത്രവി ദ്യാർഥിയും സമ്മതിക്കും. പോർച്ചു ഗീസുകാരും ഫ്രഞ്ചുകാരും പിൻവാ ങ്ങേണ്ടിവന്നിടത്ത് ബ്രിട്ടീഷുകാർക്ക് തള്ളിക്കളയാൻ കഴിഞ്ഞത് വെടി ക്കോപ്പിന്റെ കാര്യത്തിൽ ഇംഗ്ലീഷു കാർക്കുണ്ടായിരുന്ന മുൻകൈ മൂല മാണെന്ന പ്രചാരണവും ശരിയല്ല. മുസ്‌ലിം ഭരണാധികാരികളോടുള്ള ഹിന്ദുരാജാധിപത്യങ്ങളുടെ പാരമ്പ ര്യമായ കാലുഷ്യവും വിദ്വേഷവും ഇംഗ്ലീഷുകാർ മറ്റുള്ളവരേക്കാൾ സമർഥമായി പ്രയോജനപ്പെടുത്തി സ്വയം രക്ഷപ്പെട്ടു എന്നതാണ് സത്യം. ഇന്ത്യക്കാർ ഒത്തുപിടിച്ചിരു ന്നെങ്കിൽ നമ്മുടെ സ്വാതന്ത്ര്യ ചരിത്രം മറ്റൊന്നാകുമായിരുന്നു; അധിനിവേശശക്തികളുടെ ചരിത്ര വും. ഗോവ കൊണ്ട് പോർച്ചുഗലും മാഹിയും പുതുശ്ശേരിയും കൊണ്ട് ഫ്രാൻസും തൃപ്തിപ്പെടേണ്ടിവന്ന പോലെ എങ്ങാണ്ടൊരു ചീന്തുഭൂമി യിൽ പിൽക്കാലത്തെ 'സൂര്യനസ്ത മിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യ' മോഹത്തെ ഒരു ദിവാസ്വപ്നമായി ഒതുക്കിക്കെട്ടേണ്ടി വരുമായിരുന്നു വിക്ടോറിയാ മഹാരാജ്ഞിക്ക്.

ഹിന്ദുരാജാധിപത്യങ്ങൾ ഒന്നൊഴിയാകെ പാശ്ചാത്യ അധിനി വേശശ്രമങ്ങൾക്ക് അരുനിന്നു, അല്ലെ ങ്കിൽ മുസ്‌ലിം ഭരണാധികാരികൾ ഒന്നടങ്കം പൊരുതിനിന്നു എന്നൊന്നും ഇവിടെ വിവക്ഷയില്ല. നിലനിൽപ്പിനുവേണ്ടി കാലുമാറി ചവിട്ടിയ നപുംസകങ്ങൾ അന്നുമു ണ്ടായിരുന്നു, ഇരുവിഭാഗങ്ങളിലും. ഉദാഹരണം തിരക്കി ഇന്ത്യയുടെ ഇ തര ഭാഗങ്ങളിലേക്ക് നോക്കേണ്ടതി ല്ല. കേരളം തന്നെ സൂചിക. ഓർക്കു ന്നില്ലേ, തെക്ക് തിരുവിതാംകൂർ രാജാവ് തള്ളിപ്പറഞ്ഞപ്പോഴും ഒറ്റക്ക് ബ്രിട്ടീഷധിനിവേശകർക്കെതിരെ വാളെടുത്ത വേലുത്തമ്പി ദളവ? വട ക്ക്, ബ്രിട്ടീഷ് അധിനിവേശകർക്ക് മുമ്പിൽ വടക്കെമലബാറിലെ പ്രബല നായർ നാടുവാഴികളും നാട്ടരച ന്മാരും അടി പണിതപ്പോൾ ടിപ്പു സുൽത്താന്റെ വലംകൈയായി ഒളി പ്പോരാട്ടം സംഘടിപ്പിച്ച് വീരമൃത്യു വരിച്ച പഴശ്ശി രാജ? ഇരുവരും, മല യാളക്കരയുടെ അഭിമാനം. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ വാളെടുത്ത വീരാത്മാക്കൾ. ഇന്ത്യയുടെ ആധി കാരിക സ്വാതന്ത്ര്യസമരചരിത്രം ബ്രിട്ടീഷ് അധിനിവേശകരുടെ ദൃഷ്ടിയിൽ 1857-ലെ ശിപായി ലഹള കൊണ്ടു തുടങ്ങുന്ന ഒന്നായതു കൊണ്ട് വേലുത്തമ്പിയുടെയും പഴ ശ്ശിയുടെയും പേരുകൾ എവിടെയു മില്ല! 1857-നു മുമ്പ് നടന്ന വിദേശ അധിനിവേശവിരുദ്ധ പോരാട്ടങ്ങ ളൊന്നും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗവുമല്ല!

ചികഞ്ഞുനോക്കാനുള്ളത് കൂടിക്കുഴഞ്ഞു കിടക്കുന്ന കാലഘ ട്ടങ്ങളും സ്വാതന്ത്ര്യ സമരത്തെ സംബന്ധിച്ച് കഴിഞ്ഞ അഞ്ഞൂറു വർഷമായി നമ്മൾ കൊണ്ടുനട ക്കുന്ന കുത്തഴിഞ്ഞ കാഴ്ചപ്പാടുക ളുമാണ്. ഡി ഗാമയും സംഘവും മല ബാർ തീരത്ത് കാലുകുത്തുന്നത് 1498-ൽ. പാത്തെ മരക്കാരുടെ പതനം 1592-ൽ. ടിപ്പു സുൽത്താന്റെയും ശ്രീരംഗപട്ടണം കോട്ടയുടെയും പതനം 1792-ൽ. ശിപായി ലഹള 1857 -ൽ. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാന മായി ഇന്ത്യൻ നാഷ്നൽ കോൺഗ്ര സ്സിന്റെ രൂപീകരണം 1885-ൽ. അഞ്ഞൂറുവർഷത്തെ വിദേശ അധി നിവേശശ്രമങ്ങൾക്കും ആധിപത്യ

ത്തിനും അന്തിമമായ അവസാനം കുറിച്ച രാജ്യത്തിന്റെ സ്വാതന്ത്ര്യ ലബ്ധി 1947-ൽ. തിരിച്ചറിയാനുള്ള അടിസ്ഥാനകാര്യം, ഉരുത്തിരിയുന്ന കാലഘട്ടങ്ങൾ (പോരാട്ടങ്ങളും) പരസ്പര പൂരകമായിരുന്നു എന്ന് അംഗീകരിക്കുകയാണ്. സാമൂതിരിരാജാധിപത്യവും നാവികപ്പടയും (മരക്കാർ വംശം) പ്രക്രിയക്ക് തുടക്കം കുറിച്ചു. തുടർന്നുണ്ടായതെല്ലാം (സ്വാധീനിച്ചതും) ആദ്യം നടന്നതിന്റെ തുടർച്ചയാണ്, ഉടനീളം തെളിഞ്ഞുനിൽക്കുന്ന പ്രതിഛായ അവസാനത്തെ മരക്കാർ കുഞ്ഞാലി നാലാമന്റേതാണ്.

മരക്കാർവംശത്തെക്കുറിച്ച് മലബാർ മാന്വൽ കർത്താവ് വില്യം ലോഗൻ വരച്ചുകാട്ടുന്ന ചിത്രം മറ്റൊന്നാണ്: 'മുഹമ്മദീയ കടൽ കൊള്ളക്കാരുടെ തലവന്മാരിൽ പ്രസിദ്ധന്മാർ, കോട്ടക്കൽ കുഞ്ഞാലി മരക്കാന്മാരാണ്' എന്ന ആമുഖത്തോടെ പോർച്ചുഗീസ് കാലഘട്ടമെന്ന അധ്യായത്തിൽ ചേർത്തിരിക്കുന്ന കുറിപ്പ് ഇങ്ങനെ തുടരുന്നു: 'കുടുംബത്തിന്റെ ആരൂഢം പന്തലായിനി കൊല്ലമായിരുന്നു. ഈ ആദ്യകാല മൂറിഷ് കുടിപാർപ്പു കേന്ദ്രം ഹെൻറി മെൻസസ് (ഡി ഗാമയെ തുടർന്ന് കേരളത്തിലെത്തിയ പോർച്ചുഗീസ് കപ്പിത്താൻ) നശിപ്പിച്ചപ്പോൾ മരക്കാർ കുടുംബം തിക്കോടിയിലേക്കും അവിടെനിന്ന് കോട്ടപ്പുഴ കടലിൽ ചേരുന്ന സ്ഥലത്തേക്കും (വടകരക്കടുത്തുള്ള കോട്ടക്കൽ) മാറി താമസിച്ചിരിക്കും. കുഞ്ഞാലി മരക്കാർ എന്ന സ്ഥാനപ്പേര് സാമൂതിരി കൽപിച്ചരുളിയതാണ്. 'കുഞ്ഞ്' എന്നാൽ ചെറുപ്പക്കാരൻ. ആലി എന്നാൽ പ്രവാചകന്റെ നേരളിയന്റെ പേര് (പ്രവാചകന്റെ ജാമാതാവാണ് അലി, നേരളിയനല്ല -പ്ര.പ). മരക്കാർ എന്നാൽ നിയമം/ മാർഗം അനുസരിക്കുന്നവൻ, പിന്തുടരുന്നവൻ. ക്രിസ്ത്യാനികളും മുഹമ്മദീയരും പോലുള്ള വിദേശമതസ്ഥർക്ക് തദ്ദേശീയ രാജാക്കന്മാർ നൽകുന്ന സ്ഥാനപ്പേര് അങ്ങനെയാണുണ്ടായത്.

'കുഞ്ഞാലി മരക്കാരുടെ കോട്ടക്കലുള്ള കോട്ടയുടെ ചില അവശിഷ്ടങ്ങൾ ഇപ്പോഴും (1885-ലാണ് മലബാർ മാന്വൽ പ്രസിദ്ധീകരിക്കുന്നത്) കാണാം. കോട്ടയുടെ അഴിമുഖത്തു നിന്ന് പുഴയുടെ ഒരു കൈവഴി പോലെ വടക്കോട്ട് തുടർന്നു സംക്രമിച്ചു കിടക്കുന്ന മണൽത്തിട്ടിന്റെ വടക്കേ അറ്റത്ത് സ്ഥിതിചെയ്ത കോട്ട, പുഴയുടെയും അഴിമുഖത്തു കിടക്കുന്ന കപ്പലുകളുടെയും പൂർണമായ നിയന്ത്രണം കൈയാളിയിരുന്നു. വടക്കും കിഴക്കും വെള്ളത്താൽ ചുറ്റപ്പെട്ടും പടിഞ്ഞാറ് ചെള്ളിക്കാടും ഉപ്പുപാടവുംകൊണ്ട് വലയം ചെയ്തും കിടക്കുന്ന കോട്ടയെ പീരങ്കിവെടികൾക്ക് ഭേദിക്കാനാവില്ല. തെക്കു ഭാഗത്തെ ഇടുങ്ങിയ കരയിൽ ഉയർത്തിയ കാവൽമാടങ്ങളിൽനിന്ന് പുഴവഴിയും കടൽവഴിയുമുള്ള ശത്രുവിന്റെ നീക്കങ്ങൾ മുൻകൂട്ടി കണ്ടറിയാം. കോലത്തുനാടിന്റെ തെക്കൻ കൂർ (ദക്ഷിണ റീജന്റ്) ആസ്ഥാനമാക്കിയിരുന്ന പുതുപ്പട്ടണത്തിനു നേരെ അഭിമുഖമായാണ് കോട്ടയുടെ കിടപ്പ്.

'കോട്ടക്കൽ കുഞ്ഞാലിമരക്കാർമാരുടെ പിൻതലമുറ കുടുംബം ഇക്കാലത്തും അവിടെ താമസിക്കുന്നു, താരതമ്യേന ദാരിദ്ര്യത്തിൽ. ആദ്യത്തെ കുഞ്ഞാലി മരക്കാരുടെയും മരക്കാർ കുടുംബ കുലകൂടസ്ഥന്റെ (സ്ഥാനപ്പേര് ഉണ്ടായിരുന്നില്ല) ഉമ്മയുടെയും ശവക്കല്ലറകൾ സ്ഥലത്തെ പള്ളിമുറ്റത്തു കാണാം.'

ഇവിടെ പറയുന്ന കോട്ട, പോർച്ചുഗീസ് അതിക്രമികളെ ചെറുക്കാൻ കുഞ്ഞാലി മൂന്നാമന്റെ കാലത്ത് (1570) പണി തുടങ്ങിയതും അദ്ദേഹത്തിന്റെ അടുത്ത പിൻഗാമി പാത്തെ മരക്കാരെന്ന കുഞ്ഞാലി നാലാമൻ പൂർത്തിയാക്കിയതുമാണ്. പൊന്നാനിയിൽ കോട്ട പണിയാൻ അമ്പത് വർഷത്തെ ചെറുത്തുനിൽപിനു ശേഷം സാമൂതിരി പോർച്ചുഗീസുകാർക്ക് അനുവാദം നൽകി. അങ്ങനെ ചെയ്യുന്നത് ദൂരവ്യാപകമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്ന് നാവികസേനാനായകനായ കുഞ്ഞാലിമരക്കാർ (മൂന്നാമൻ) മുന്നറിയിപ്പ് നൽകിയിരുന്നു. ഒരു വിഭാഗം നായർ പ്രഭുക്കന്മാരുടെയും നാട്ടരചന്മാരുടെയും നായർപടയുടെയും ശക്തിയായ സമ്മർദത്തിനു വഴങ്ങി തന്ത്രപ്രധാനമായ പൊന്നാനി തന്നെ സമാന്തര സംവിധാനമെന്ന നിലയിൽ എവിടെ വേണമെങ്കിലും സ്വന്തമായി കോട്ട പണിയാൻ സേനാനായകനെ രാജാവ് അനുവദിക്കുകയും ചെയ്തു. 16-ാം നൂറ്റാണ്ട് മധ്യത്തിൽ കോട്ടക്കൽ കോട്ട വരുന്നത് അങ്ങനെയാണ്.

ആറു മാസക്കാലം നായർപടയുടെ ഒത്താശയോടെ പോർച്ചുഗീസ് പട ഉപരോധിച്ചതും ഇതേ കോട്ട തന്നെ. പോർച്ചുഗീസ് അധിനിവേശകരെ അവസാനം വരെ പാത്തെ മരക്കാർ ചെറുത്തുനിന്നതും കോട്ടക്കൽ കോട്ട കേന്ദ്രമാക്കി തന്നെയായിരുന്നു. നായർപടയുടെ ഒത്താശയോടെ കഥാനായകനെ പോർച്ചുഗീസുകാർ ചതിവിൽ തടവിൽ പിടിച്ചു ഗോവയിലലേക്ക് കടത്തുന്നതിന് സാക്ഷിനിന്നതും കോട്ടക്കൽ കോട്ട തന്നെ. ഇത്രയും വസ്തുതകൾ നൽകുന്നത് പോർച്ചുഗീസ് കാലഘട്ടത്തെയും മരക്കാർ വംശപരമ്പരയെയും കുറിച്ച് ആണ്ടിറങ്ങിയ ഗവേഷണം നടത്തിയ ഏക ചരിത്രകാരൻ പ്രഫ. ഒ.കെ. നമ്പ്യാർ ആണ്- 'പോർച്ചുഗീസ് പൈറേറ്റ്സ് ആന്റ് ഇന്ത്യൻ സീമെൻ' എന്ന ഗ്രന്ഥത്തിൽ.

പോർച്ചുഗീസ് അധിനിവേശകർക്കെതിരായ പോരാട്ടത്തിന്റെ കുന്തമുനയായി വർത്തിച്ചത് മരക്കാർമാരാണെന്ന ചരിത്ര സത്യം ലോഗൻ തന്നെ ഏറ്റുപറയുന്നുണ്ട്, നിരവധി സന്ദർഭങ്ങളിൽ. ഡി ഗാമയെ നിറപറയും നിലവിളക്കുമായി കണ്ണൂരിലേക്ക് സ്വാഗതം ചെയ്ത കോലത്തിരി ഏറെ താമസി

യാതെ 1502-ൽ പോർച്ചുഗീസുകാർക്കെതിരെ തിരിയുന്നതാണ് നാം കാണുന്നത്. സാമൂതിരിയുടെയും മൂറുകളുടെയും പിന്തുണയോടെ കോലത്തിരി തിരിച്ചടിക്കാൻ പ്രകോപനം സൃഷ്ടിച്ചതും പോർച്ചുഗീസുകാരായിരുന്നു. തദ്ദേശീയരുടെ നൗകകളും വള്ളങ്ങളും തീരക്കടലിൽ സഞ്ചരിക്കണമെങ്കിൽ കണ്ണൂരിലെയോ കൊച്ചിയിലെയോ പോർച്ചുഗീസുകാരുടെ പാസ് വേണമെന്ന് നിർബന്ധമാക്കിയത് കോലത്തുനാട്ടുകാരെ തെല്ലൊന്നുമല്ല ക്ഷുഭിതരാക്കിയത്.

കണ്ണിൽ പെടുന്ന നാടൻ സമുദ്രയാനങ്ങൾ കണ്ടുകെട്ടാനും കൊള്ള ചെയ്യാനുമുള്ള ഒരു മറയായിരുന്നു പാസ് വ്യവസ്ഥ. കണ്ണൂർ കടലിൽ കണ്ട നിറയെ ചരക്കു നിറച്ച ഒരു നൗക പോർച്ചുഗീസ് കപ്പിത്താൻ ഗോൺ സാൽവസ് കൈയേറി. ചരക്കുകൾ കൊള്ള ചെയ്ത ശേഷം നൗക മുക്കുകയും അതിലെ ജോലിക്കാരെ കാറ്റുപായത്തുണിയിൽ പൊതിഞ്ഞു കെട്ടി തുന്നിക്കൂട്ടി കടലിൽ തള്ളുകയും ചെയ്തു. പിറ്റേന്ന് ശവശരീരങ്ങൾ കരക്കടിഞ്ഞപ്പോഴാണ് ഹതഭാഗ്യരിൽ ഒരാൾ കുഞ്ഞാലി മരക്കാരുടെ സ്യാലനാണെന്നറിയുന്നത്. കൊല്ലപ്പെട്ട വ്യാപാരിയുടെ പിതാവ് മലബാർ തീരത്തെ അറിയപ്പെടുന്ന ഒരു കച്ചവട പ്രഭുവായിരുന്നു. കരക്കടിഞ്ഞ ജഡങ്ങളും പേറി ഉമ്മമാരും പെങ്ങന്മാരും മക്കളും ഉൾപ്പെടെ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾ കോലത്തിരിയുടെ വളപട്ടണത്തുള്ള കൊട്ടാരത്തിലേക്ക് മാർച്ചു ചെയ്തു. പോർച്ചുഗീസുകാർ നടത്തിയ വിശ്വാസവഞ്ചനക്ക് പ്രതികാരം ചെയ്യണമെന്ന് ജനക്കൂട്ടം ആവശ്യപ്പെട്ടു. നാട്ടുകാർ ആകെ ഇളകിക്കഴിഞ്ഞിരുന്നു. കണ്ണൂരിലെ പോർച്ചുഗീസ് കോട്ട (സെന്റ് ആഞ്ചലോസ്) കീഴടക്കാനും അക്രമികളെ തുരത്തിയോടിക്കാനും രാജാവിന് സമ്മതിക്കേണ്ടിവന്നു.

ഏകദേശം ഇതേ കാലത്ത് (1502) പോർച്ചുഗീസുകാരെ ഇന്ത്യാസമുദ്രത്തിൽനിന്ന് തുരത്തിയോടിക്കാനുള്ള ഒരു നാവികവ്യൂഹം ഈജിപ്തിൽ രൂപംകൊണ്ടുവരികയായിരുന്നു. ഈജിപ്ത് രാജാവിന്റെ മുഖ്യ വരുമാനമാർഗം കരവഴിക്കുള്ള വ്യാപാരമായിരുന്നു. പോർച്ചുഗീസുകാരുടെ ഇടപെടൽ അവസാനിപ്പിക്കണമെങ്കിൽ അവരെ സമുദ്രയുദ്ധത്തിൽ നേരിടണം. അതിനുവേണ്ടിയുള്ള കപ്പലുകൾ നിർമിക്കാനാവശ്യമായ സീഡാർ തടികൾ ലബനാൻ കുന്നുകളിൽനിന്ന് വെട്ടിയിറക്കി കടൽവഴി അലക്സാന്ദ്രിയയിലെത്തിക്കുകയും അവിടെനിന്ന് നൈൽനദിയിലൂടെ ഒഴുക്കി അവസാനം ഒട്ടകങ്ങളുടെ പുറത്തുകയറ്റി സൂയസ്സിലേക്ക് കടത്തുകയുമായിരുന്നു. വെനീസുകാരായ വിദഗ്ധ കപ്പൽപണിക്കാരുടെ മേൽനോട്ടത്തിൽ അങ്ങനെ 12 കൂറ്റൻ കപ്പലുകൾ പണിതു. നാവികവ്യൂഹം അഡ്മിറൽ മീർഹുസൈന്റെ നായകത്വത്തിൽ കൊങ്കൺ തീരത്തേക്ക് നീങ്ങി, ഇന്തീസ് കടലുകളിൽ വ്യാപാരാധിപത്യം സ്ഥാപിക്കുന്നതിൽനിന്ന് പോർച്ചുഗീസ് അധിനിവേശകരെ തടയാൻ. കപ്പലുകളിൽ 1500 മംലൂക്കുകളും സാമൂതിരി പോർച്ചുഗീസുകാർക്കെതിരെ സഹായ സഹകരണം തേടാൻ ഈജിപ്തിലേക്കയച്ച അംബാസഡർ മമ്മാലി മരക്കാരും ഉണ്ടായിരുന്നു. പോർച്ചുഗീസ് കപ്പലുകളുമായി ചൗളിൽ നടന്ന ഏറ്റുമുട്ടലിൽ വധിക്കപ്പെട്ടവരിൽ ഈ അംബാസഡറും പെടും. മരക്കാർകുലക്കാരല്ലാത്ത നാട്ടുകാരായ സമസ്ത മുഹമ്മദൻ വ്യാപാരികളെയും കടലിൽ പോകുന്നവരെയും കരയിൽ ജീവിക്കുന്നവരെയും രണ്ടു വാക്കുകളിലായി ലോഗൻ ഒതുക്കിക്കെട്ടുന്നതായി കാണാം- മൂറുകൾ, കടൽകൊള്ളക്കാർ. പോർച്ചുഗീസ് അധിനിവേശപേക്കൂത്തുകൾ 25 വർഷം പിന്നിട്ടപ്പോൾ നടന്ന ഒരു സംഭവം ലോഗൻ പരാമർശിക്കുന്നുണ്ട്. 1525 ജനുവരി ആദ്യം നടന്ന ഒരു സംഘട്ടനമാണ് സംഭവം. പോർച്ചുഗീസ് അക്രമികളുടെ ആവശ്യാർഥം കോലത്തിരി തടവിൽ പിടിച്ച് അവരെ ഏൽപിച്ചുകൊടുത്ത് അവർ കഴുവിലേറ്റി കൊന്ന ഒരു ബാല ഹസനെ സംബന്ധിച്ചുള്ളതാണ് പരാമർശം. കടൽകൊള്ളക്കാരനെന്നു പറഞ്ഞാണ് കണ്ണൂരിലെ അറക്കൽ ആലി രാജവംശജനായ വലിയ ഹസനെ പോർച്ചുഗീസുകാർ പിടികൂടുന്നതും സ്വന്തം തടവുകാരനായി ഏറ്റെടുക്കുന്നതും കഴുവേറ്റി കൊല്ലുന്നതും. 'രോഷാകുലരായ കണ്ണൂർ നിവാസികളായ മൂറുകൾ, സംരക്ഷണത്തിന് ഇനി കോലത്തിരിയെ ആശ്രയിച്ചിട്ടു കാര്യമില്ലെന്നും തങ്ങളുടെ സംരക്ഷണത്തിന് തങ്ങൾതന്നെ പ്രവർത്തിക്കണമെന്നും തീരുമാനിച്ചിറങ്ങി' എന്നാണ് ലോഗൻ പറഞ്ഞുകാണുന്നത്.

ആലി രാജകുടുംബത്തിന്റെ ഉൽപത്തി ചേരമാൻ പെരുമാളിന്റെ കാലത്തോളം ക്രി. 17-ാം നൂറ്റാണ്ടിൽ വിരചിതമായ കേരളോൽപത്തി വലിച്ചുനീട്ടുന്നുണ്ട്. മുഹമ്മദൻ മതവിശ്വാസം സ്വീകരിച്ച് അവസാനത്തെ പെരുമാൾ മക്കത്തേക്ക് പോകുന്നത് ക്രി. 9-ാം നൂറ്റാണ്ട് മധ്യത്തിലാണ്. ആര്യബ്രാഹ്മണ കൽപിതമായുള്ള ഐതിഹ്യധോരണികൾകൊണ്ട് കുത്തിനിറച്ച കേരളോൽപത്തിയും കേരള മാഹാത്മ്യവും അറക്കൽ ആലി രാജാകുടുംബത്തിന്റെ തുടക്കം തേടുന്നതും കോലത്തിരിയുടെ മന്ത്രിമാരിൽ ഒരാളായി കരുതപ്പെടുന്ന ഒരു ആര്യൻകുളങ്ങര നായരിൽനിന്നാണ്. ക്രി. 11-ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ 12-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ജീവിച്ച ഈ നായർ മുഖ്യനും ഇസ്ലാംമതം സ്വീകരിച്ചു മുഹമ്മദാലി അഥവാ മമ്മതാലി ആയി ചരിത്രത്തിൽ അറിയപ്പെട്ടു. മമ്മതാലിയുമായി ചേർന്ന് പോർച്ചുഗീസ് അധിനിവേശകരെ തുരത്താൻ കിഴക്കൻ സമുദ്രതീര രാ

ജ്യങ്ങളുടെ ശക്തമായ ഒരു സഖ്യമു ണ്ടാക്കുന്നതിന് സാമൂതിരിയുടെ സഹായികളായി പ്രവർത്തിച്ചത് വ്യാപാര പ്രമുഖനായ കണ്ണൂരിലെ മമ്മാലിമരക്കാരാണ്. ഇരുവർക്കുമിട യിൽ മൂന്നു നൂറ്റാണ്ടുകളുടെ ദൂരമു ണ്ട്.

മുഹമ്മദാലിമാരും മമ്മാലിമാ രും കുഞ്ഞാലിമാരും പ്രതിനിധാനം ചെയ്യുന്ന സമുദ്രവ്യാപാരത്തിന്റെ പാരമ്പര്യം ചിരപുരാതനമാണെന്ന് ചൂണ്ടിക്കാട്ടാനാണ് ഇത്രയും പറ ഞ്ഞത്. മൂറുകളെ അടക്കിപ്പിടിച്ച് അറ ബികളായി സമന്വയിക്കുന്നതു പോലെ തലതിരിഞ്ഞതാണ് കുഞ്ഞാലിവംശപരമ്പരയെ (മരക്കാ രടക്കം) ഒന്നിച്ച് കടൽകൊള്ളക്കാ രെന്ന് അപവദിക്കുന്നതും.

മരക്കാർകുലത്തെയും കുഞ്ഞാ ലിവംശത്തെയും മരക്കലവുമായി ബന്ധപ്പെടുത്തുന്നതാവും കൂടുതൽ ഔചിത്യമെന്നു തോന്നുന്നു. വടക്കെ മലബാറിലെ പൂമാല(ഭഗവതി)ക്കാവു കളിൽ ആണ്ടു തിറകളുടെ ഭാഗമായി ഇക്കാലത്തും ആചരിച്ചുപോരുന്ന ഒരു ചടങ്ങാണ് 'മരക്കലപാട്ട്.' മരക്ക ലമേറിവന്ന പൂമാലഭഗവതി കോല ത്തുവയലിൽ കപ്പലിറങ്ങി. മരക്കല മെന്നാൽ ചാളത്തടിയുടെ ആദിരൂ പം. ഓടവും തോണിയും വള്ളവും വഞ്ചിയും ഉരുവും പത്തേമാരിയും നൗകയും എല്ലാം മരക്കലത്തിന്റെ വകഭേദങ്ങളായ ജലയാനങ്ങൾ. ഭൂപ്ര കൃതിയുടെ മേൽ മനുഷ്യന്റെ ബുദ്ധി ശക്തിയും അധ്വാനശേഷിയും കൈവരിച്ച ആദ്യവിജയം മരക്കല ത്തിന്റേതാണ്. മനുഷ്യൻ പരസ്പരം കണ്ടറിഞ്ഞതും ഇതിഹാസങ്ങൾ കൈമാറിയതും സംസ്കാരങ്ങൾ ഉരു ത്തിരിഞ്ഞതും സമുദ്രയാത്രയിലൂടെ യാണ്. മരക്കലം പണിയുന്നതും പായിക്കുന്നതും സമൂഹത്തിന്റെ നിലനിൽപിനും വളർച്ചക്കും നിദാന മായ തൊഴിലായി മാറി. മരക്കലം ഓടിച്ചവർ മരക്കലക്കാരായി വാഴ്ത്ത പ്പെട്ടു. അതിൽനിന്ന് മരക്കലപാട്ടു ണ്ടായി. മരക്കലക്കാരെ മരക്കാന്മാർ എന്ന് പണ്ടുള്ളവർ വിളിച്ചു. മരക്കല തൊഴിലിൽ വ്യാപൃതരായ കിഴക്കൻ ദിക്കുകാരെ, പടിഞ്ഞാറുള്ളവർ അട ക്കിപ്പിടിച്ച് മൂറുകൾ എന്നും പരിച യപ്പെട്ടു. അറബികളും മുഹമ്മദീ യരും മൂറുകളാണെന്ന അർഥ കൽപന പിൽക്കാല വ്യാഖ്യാനമാ ണെന്ന് കരുതണം. ലോഗന്റെ ദൃഷ്ടി യിലും മലയാളക്കരയിലെ മുസ്‌ലിം മതവിശ്വാസികൾ മൂറുകൾ എന്ന പൊതുസംജ്ഞയിൽ ഒതുങ്ങിയ പ്പോൾ അവർ അറബികളായി മാറി. മരക്കാർ എന്നത് ഒരു സ്ഥാനപ്പേരാ ണെങ്കിൽ അത് വന്നത് 'മൂർ' എന്ന ബഹുമാനപദത്തിൽനിന്നായിരിക്ക ണം. സ്ഥലപ്പേരുകൾ പോലെ കുല നാമങ്ങളും കാലം മാറുന്നതനുസ രിച്ച് മാറിമറയുമെന്നത് സാമാന്യയു ക്തി.

'മൂർ' എന്നാൽ Random House ഇംഗ്ലീഷ് ഭാഷാ നിഘണ്ടുവിൽ കൊടുത്തുകാണുന്ന അർഥകൽപന അനുസരിച്ച്, തെക്കു പടിഞ്ഞാറൻ ആഫ്രിക്കയിൽ പണ്ടെങ്ങോ നിവസി ച്ചിരുന്ന ബർബർ-അറബ് സമ്മിശ്ര വംശത്തിൽ പെടുന്ന ഒരു മുസ്‌ലിം. മുൻകാലങ്ങളിൽ യൂറോപ്യൻ സമുദ്ര സഞ്ചാരികൾക്കിടയിൽ പ്രചാരത്തി ലുണ്ടായിരുന്ന പ്രയോഗം. കാല ത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ട ഈ ഗോത്രത്തിന് അവരുടേതായ ഒരു ഭാഷയുണ്ടായിരുന്നു.- ബർബർ. ആ പേരിലുള്ള ഒരു തുറമുഖമുണ്ട് ഇപ്പോഴും ഏഡൻ ഉൾക്കടൽ തീര ത്ത്. ക്രിസ്തു പിറവികൊള്ളുന്ന തിനും നാലഞ്ചു നൂറ്റാണ്ടുകൾ മുമ്പ് തുടങ്ങിയതാണ് പുരാതന ഈജിപ്തും ഇറാനും ഇസ്രയേലും തൊട്ട നാടുകളുമായുള്ള മലയാളക്ക രയുടെ സമുദ്രാന്തരവ്യാപാരബന്ധ മെന്ന് നമ്മുടെ പ്രാചീന ചരിത്രം ചൂണ്ടിക്കാണിക്കുന്നു. പോർച്ചുഗീസു കാർ എത്തുന്നതിനും രണ്ടായിരം വർഷം മുമ്പ് തുടങ്ങിവെച്ച അവിരാ മമായ പ്രക്രിയ. സമ്പർക്ക ബന്ധങ്ങ ളിൽ പരസ്പരം കൈമാറിയ കുടി യേറ്റ കേന്ദ്രങ്ങൾ ഉയർന്നു നിൽക്കു ന്നു. ജൂതകുടിയേറ്റക്കാർ കേരളത്തി ലേക്കു വന്നതുപോലെ മലയാളി മര ക്കലക്കാരുടെ ഒരു തമലുറ, ഇസ്‌ലാം മതം പിറവികൊള്ളുന്നതിനും മുമ്പ്, നൈൽനദീതീരത്തും കുടിയേറിയിരി ക്കാം. ഈജിപ്തിന്റെ രാജ്ഞി ക്ലിയോപാട്ര കേരളപുത്രിയായി സങ്കൽപിക്കുന്നവർ ഇന്നുമുണ്ടല്ലോ. കഥയിൽ ചോദ്യമില്ലെന്നത് സർവി ദിതമായ ഒരു സാമാന്യ തത്ത്വം. ഭൂമി ഉരുണ്ടതാണെന്നും അത് പ്രപഞ്ചഘ ടനയുടെ കേന്ദ്രബിന്ദുവല്ലെന്നും ഗലീലിയോ (ക്രി.വ. 1564-1642) വിളം ബരം ചെയ്തപ്പോൾ ഒരു മുഴുഭ്രാ ന്തന്റെ കെട്ടുകഥയായേ അന്നുള്ള വർ എടുത്തുള്ളൂ. അന്നുള്ളവരിൽ ഈസ്റ്റ് ഇന്റീസിനെ വെട്ടിപ്പിടിക്കാൻ ഡി ഗാമയെ കെട്ടി അയച്ച പോർച്ചു ഗീസ് രാജാധിപത്യവും പെടുന്നു.

അവിശ്വസനീയമായി തോന്നാം, ഗലീലിയോവിന്റെ സമകാ ലികരായിരുന്നു പാത്തെ കുഞ്ഞാലി മരക്കാരും (1520-1592) മലയാള ഭാഷ യുടെ പിതാവായ തുഞ്ചത്താചാ ര്യനും (1560-1630). തീർത്തു പറയാൻ തെളിവു വേണമെന്ന പണ്ഡിതമതം വിഗണിക്കുന്നില്ല; എഴുത്തച്ഛന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ഈ അനുമാനം ഒരു വിവാദത്തിന് വഴി യൊരുക്കിയാൽ മതി, ഈ ലേഖനോ ദ്ദേശ്യം സഫലമായി.

(പഴയകാല പത്രപ്രവർത്ത കനും ചരിത്രകാരനുമായ തെക്കേവീ ട്ടിൽ കൃഷ്ണൻ എന്ന ടി.വി.കെ. *മാതൃഭൂമി*, *ദേശാഭിമാനി*, *ബ്ലിറ്റ്സ്*, *പാട്രിയറ്റ്* എന്നീ പത്രങ്ങളിൽ ജോലി ചെയ്തു. വില്യം ലോഗന്റെ മലബാർ മാന്വൽ, ഒ.കെ നമ്പ്യാരുടെ പോർച്ചു ഗീസ് പൈറേറ്റ്സ് ആന്റ് ഇന്ത്യൻ സീമെൻ എന്നീ വിശ്രുത ഗ്രന്ഥങ്ങ ളുടെ വിവർത്തകൻ കൂടിയാണ്).